(സി) ഊരകത്തിനും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി ചേർപ്പുപഞ്ചായത്തിലെ ഊരകം, ചേർപ്പ് വില്ലേജുകളും വല്ലച്ചിറ പഞ്ചായത്തിലെ ആറാട്ടുപുഴ വല്ലച്ചിറ വില്ലേജുകളും ഉൾപ്പെടുന്ന പ്രദേശത്താണ് നടപ്പിലാക്കുന്നത്.

(ഡി) ചൊവ്വൂർ-മരത്താക്കര പദ്ധതികളുടെ പ്രയോജനം ചേർപ്പ് പഞ്ചായത്തിലെ ചേവൂർ വില്ലേജിനും പുത്തൂർ പഞ്ചായത്തിലെ മരത്താക്കര വില്ലേജിനും ലഭിക്കുന്നതാണ്.

(ഇ) ഉണ്ട്. അവണിശ്ശേരി പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതി വിപുലീകരിക്കുന്നതിനായി ആർ. ജി. എൻ. ഡി. ഡബ്ല്യു. എം/ എൻ. സി. എച്ച്-ൽ ഉൾപ്പെടുത്തി 76 ലക്ഷം രൂപയുടെയും 60 ലക്ഷം രൂപയുടെയും രണ്ട് കുടിവെള്ള പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. ഇതിന്റെ പ്രയോജനം അവണിശ്ശേരി പഞ്ചായത്തിലെ 4, 5, 6, 8, 9 എന്നീ വാർഡുകൾക്ക് ലഭ്യമാണ്. ഈ പദ്ധതികളുടെ മൊത്തം എസ്റ്റിമേറ്റ് തുക 136 ലക്ഷം രൂപയാണ്.

(എഫ്) പാറളം ശുദ്ധജലവിതരണപദ്ധതിയ്ക്ക് പമ്പിംഗ് മെയിൻ 8000 മീറ്റർ ഇടാനും വിതരണ ശൃംഖല 32 കി. മീ. പൂർത്തിയാക്കാനുമുണ്ട്. ബാക്കി പണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖല ടെൻഡർ വിളിച്ച് അവാർഡ് ചെയ്തു പമ്പിംഗ് മെയിൻ ടെൻഡർ വിളിച്ച് ടെൻഡർ പ്രോസസ് ചെയ്തുകൊണ്ടിരിക്കുന്നു. പദ്ധതി 2004 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ജി) ചേർപ്പ് നിയോജകമണ്ഡലത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ ദൈനംദിന കാര്യങ്ങളും നടപ്പിലാക്കുന്നതിന് ചേർപ്പ് ആസ്ഥാനമാക്കി കേരള വാട്ടർ അതോറിറ്റിയുടെ ഒരു ഓഫീസ് തുടങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്തിവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ അയിലംകടവ് ശുദ്ധജലവിതരണ പദ്ധതി

96 (988) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജലവിഭവവകുപ്പ് ഇപ്പോൾ എത്ര കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; ഇതിൽ ഏതൊക്കെ പദ്ധതികൾ എന്നൊക്കെ പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ ;

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ പണി ആരംഭിച്ച അയിലംകടവ് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് കുടിവെള്ളം ലഭ്യമാക്കാനാവുമെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ജലവിഭവവകുപ്പ് നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ പണി ആരംഭിച്ചിട്ടുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികളായ എ.ആർ.ഡബ്ല്യു.എസ്.എസ്. ഇടക്കോട്, അയിരൂർപ്പാറ, കഴക്കൂട്ടം, മേനംകുളം എന്നീ പദ്ധതികൾക്കുള്ള പൊതുവായുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പണി അയിലംകടവിൽ പൂർത്തിയായി. ഈ പദ്ധതികൾക്കായുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും ഭൂതല സംഭരണിയുടെയും ടെണ്ടർ വിളിച്ചുകഴിഞ്ഞു. കരാർ ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ശുദ്ധീകരണശാലയിൽ ജലം എത്തിക്കാനുള്ള പമ്പിംഗ് മെയിനിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ജല സംഭരണികളുടെ (ശ്രീ. നാരായണപുരം, ഉള്ളുമലക്കുന്ന്) പണി പൂർത്തീകരിച്ചു കഴിഞ്ഞു. കഠിനംകുളത്തുള്ള ഉപരിതല ടാങ്കിന്റെ പണി പുരോമഗിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 'കളിയിക്ക' എന്ന സ്ഥലത്ത് സംപും പമ്പുഹൗസും പണിയുന്നതിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പണി തുടങ്ങാൻ സാധിക്കുന്നില്ല.

(സി) ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ ഏകദേശം ഒന്നരലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും. ഈ പദ്ധതി 2005 ജൂണിൽ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തൃശ്ശൂർ കോർപ്പറേഷൻ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

97 (989) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം രൂക്ഷമായ തൃശ്ശൂർ കോർപ്പറേഷന്റെ മേഖലയായ കൂർക്കഞ്ചേരി, കണിമംഗലം, ചിയ്യാരം, കണ്ണംകുളങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പ്രദേശങ്ങൾ സെൻസസ് ടൗണായി കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവിടെയ്ക്കായി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കരുവന്നൂർ പുഴയിൽ നിന്നും വെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചാൽ ഈ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കഴിയുമോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly